LIBRARY ARCHIVES Kerala Legislative Assembly

പട്ടാമ്പി ടി.ബി.-യിൽ പുതിയ മുറികൾ നിർമ്മിക്കുന്നതിന് നടപടി

107 [723] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ടി.ബി.-യിൽ പുതിയ മുറികൾ നിർമ്മിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) ബ്രിട്ടീഷുകാരുടെ കാലത്ത് പണിത പഴയ ടി.ബി.-യിൽ പുതിയ മുറികൾ നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ മുറികൾ നിർമ്മിക്കുവാൻ പദ്ധതിയുള്ളതിനാൽ പഴയ ടി.ബി.-യോടനുബന്ധിച്ച് പുതിയ മുറികൾ നിർമ്മിക്കുവാൻ ഉദ്ദേശമില്ല.

പത്തനംതിട്ട ജില്ലയിലെ ആറന്മുള സത്രം കോമ്പൗണ്ടിൽ പുതിയ ഗസ്റ്റ്ഹൗസ് നിർമ്മാണം

108 [724] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ആറന്മുള സത്രം കോമ്പൗണ്ടിൽ മൂന്നു നിലയിലുള്ള പുതിയ ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടും ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ നിർമ്മാണം എന്നു തുടങ്ങുവാനാകുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗസ്റ്റ്ഹൗസ് നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം തുടങ്ങാവുന്നതാണ്.